സ്ഥലം മാറിപ്പോയ ശ്രീ. പി. രാജശേഖരൻ നായർക്കു പകരം അച്ചടി വകുപ്പിലെ അസിസ്റ്റന്റ് എക്സ്ക്യൂട്ടീവ് എൻജിനീയറെ നിയമിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ കാലാവധി 30-11-2002 ആയിരുന്നു.

(ബി) ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പൂർണ്ണമായ റിപ്പോർട്ട് 31-8-2004-നു മുമ്പ് സമർപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഗവൺമെന്റ് പ്രസ്സുകളിൽ അദർ ഡ്യൂട്ടി മാനദണ്ഡം

123 [2859] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിൽ അദർ ഡ്യൂട്ടി നിയമനത്തിന് സീനിയോറിറ്റി, യോഗ്യത എന്നിവ ഉൾപ്പെടുത്താത്തത് എന്തുകൊണ്ടാണ് എന്ന് അറിയിക്കാമോ;

(ബി) സ്വന്തം ജില്ല വിട്ട് മറ്റ് ജില്ലകളിൽ സീനിയർമാരായവർ അദർ ഡ്യൂട്ടിയിൽ ജോലി ചെയ്തു വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പാലക്കാട്, കോഴിക്കോട് ജില്ലകളിൽ സീനിയർമാരായ ഇത്തരം ജീവനക്കാർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അദർ ഡ്യൂട്ടി നിയമനം നൽകുന്നതിന് എന്തെങ്കിലും മാനദണ്ഡം ഉണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) അച്ചടി വകുപ്പിലെ ചില പ്രസ്സുകളിൽ ആവശ്യത്തിന് സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ജീവനക്കാരുടെ അഭാവത്തിലും മാനുഷിക പരിഗണന കണക്കിലെടുത്തും ചില ജീവനക്കാരെ അദർ ഡ്യൂട്ടിയിൽ നിയമിക്കാറുണ്ട്. ഇതിന് സീനിയോറിറ്റി മാനദണ്ഡമായി പരിഗണിക്കാറില്ല.

(സി) ഉണ്ട്.

(ഡി) ഇല്ല.

അച്ചടിവകുപ്പിൽ നൽകിയ ഓവർടൈം അലവൻസ്

124 [2860] ശ്രീ. സി. ടി. അഹമ്മദ് അലി:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് 2001-02, 2002-03, 2003-04 എന്നീ സാമ്പത്തിക വർഷത്തിൽ ഓവർടൈം അലവൻസായി ഓരോ വർഷവും എന്തു തുക വീതം നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓവർടൈം അലവൻസ് നിയന്ത്രിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് 2001-2002-ൽ 92.16 ലക്ഷം രൂപയും, 2002-2003-ൽ 72.11 ലക്ഷം രൂപയും, 2003-04-ൽ 62.29 ലക്ഷം രൂപയും ഓവർടൈം അലവൻസായി നല്കിയിട്ടുണ്ട്.

(ബി) ഓവർടൈം അലവൻസ് നിയന്ത്രിക്കുന്നതിനായി മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ രണ്ടാമതൊരു ഷിഫ്റ്റ് നടപ്പാക്കി. ആധുനിക യന്ത്രങ്ങൾ ഗവൺമെന്റ് പ്രസ്സുകളിൽ വാങ്ങി സ്ഥാപിച്ചതിനാൽ ഒരു പരിധിവരെ ഓവർടൈം അലവൻസ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ അടിയന്തിര സാഹചര്യങ്ങളിൽ മാത്രമാണ് ഓവർടൈം അലവൻസ് നൽകുന്നത്. അച്ചടി വകുപ്പ് ഡയറക്ടറുടെയോ ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെയോ അനുമതിയില്ലാതെ ഓവർടൈം അനുവദിക്കരുതെന്ന് ബ്രാഞ്ചു പ്രസ്സുകളിലെ മേധാവികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

ഗവൺമെന്റ് പ്രസ്സ് ജീവനക്കാരുടെ ഓവർടൈം അലവൻസ്

125 [2861] ശ്രീ. യു. സി. രാമൻ:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, സി. മമ്മൂട്ടി:
,, കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സിൽ അത്യാവശ്യ ജോലികൾ ഓവർടൈം അലവൻസ് നൽകി ചെയ്യിക്കുന്നതിന് ജീവനക്കാരെ പോസ്റ്റ് ചെയ്യുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ;

(ബി) ഓവർടൈമിൽ ചെയ്തുതീർത്ത ജോലിയും അതിനായി നിയോഗിച്ച ആളുകളുടെ എണ്ണമനുസരിച്ച് തീർക്കേണ്ട ജോലിയുടെ അളവും പരിശോധിക്കാറുണ്ടോ;

(സി) ഓവർടൈം ജോലി ചെയ്യുന്നതിന് ആവശ്യമുള്ളതിലധികം ആളുകളെ പോസ്റ്റ് ചെയ്താൽ അധിക വേതനം നൽകുന്നത് നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ആവശ്യത്തിലധികം ആളുകളെ ഇപ്പോൾ പോസ്റ്റു ചെയ്യാറില്ല.

LIBRARY ARCHIVES Kerala Legislative Assembly